**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4465</u>** **<u>01-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടം ഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തി വരുന്നു. മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉല്പാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളോട് മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിനു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ യൂണിറ്റുകൾക്കായി 2021 മുതൽ 10 വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിൽ 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വളരെ പഴക്കം ചെന്ന പ്രഭുറാം മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നീ മില്ലുകളിലും ഭാഗികമായി നവീകരിക്കപ്പെട്ട മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലിലും പുതിയ യൂണിറ്റുകളായ ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവയിലും അത്യാധുനിക രീതിയിലുള്ള യന്ത്ര സാമഗ്രികളായ ഓട്ടോകോണർ, യാൺ കണ്ടിഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കുകയും പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ ചില യന്ത്ര സാമഗ്രികൾ മാറ്റി സ്ഥാപിയ്ക്കുകയും ചെയ്തു. 2021 മുതൽ 2024 വരെ 14.35 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിയിട്ടുണ്ട്. |
| (ബി) | കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | (ബി) | മില്ലിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ മാനേജ്മെന്റ് 'ജോബ് വർക്ക് കൺവെർഷൻ' രീതിയിൽ മിൽ പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചു. 2024 മാർച്ച് മാസം വരെ ഈ രീതിയിൽ മിൽ പ്രവർത്തിപ്പിച്ചു എങ്കിലും തൊഴിലാളികളുടെ ഹാജരില്ലായ്മ മൂലം |

| | | | |
|---|---|---|---|
| | | | അനിവാര്യമായ ഉൽപ്പാദനം കൈവരിക്കുവാൻ സാധിക്കാത്തതിനാൽ 20.03.2024 മുതൽ മിൽ ലേ ഓഫ് ചെയ്യപ്പെടുകയും ചെയ്തു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭിച്ച 5 കോടി രൂപയിൽ 107.50 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിനായി വിനിയോഗിച്ചിരുന്നു. വിശദമായ പഠനം നടത്തി തയാറാക്കിയ മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം കോട്ടയം ടെക്സ്റ്റൈൽസിന്റെ സമഗ്ര വികസനത്തിനായി 59 കോടിയോളം രൂപ അനിവാര്യമായിട്ടുണ്ട്. 2023-24 വർഷത്തിലേക്ക് 15.15 കോടി രൂപയിൽ പരിമിതപ്പെടുത്തിയും ബാക്കി തുക 2024-25 സാമ്പത്തിക വർഷത്തേയ്ക്കും എന്ന കണക്കിൽ മില്ലിന്റെ സമഗ്ര വികസനത്തിനായി 38.04 കോടി രൂപയുടെ ഭരണാനുമതി 2023-24 വർഷത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിന്റെ ഭാഗമായി വൈൻഡിങ് വിഭാഗത്തിൽ ഓട്ടോകോണർ മെഷീനുകൾ, Lap Feed ൽ നിന്നും Chute Feed ടെക്നോളജിയിലേക്കുള്ള പരിവർത്തനം, നവീകൃത കോംപാക്ട് സ്പിന്നിംഗ് മുതലായവ നവീകരണത്തിന്റെയും വൈവിധ്യവത്കരണത്തിന്റെയും ഭാഗമായി മാസ്റ്റർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ